# അടിയന്തിരം

ഇ.9/ 2900/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി. 16 .04.2014

## പരിപത്രം

വിഷയം : സാമൂഹ്യ. നീതി വകുപ്പ്- ഡി.പി.സി. (ലോവർ)- കോൺഫി ഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്:

സൂചന: 1. 23-02-2013 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

സൂചന പരിപത്രത്തിലെ നിർദ്ദേശപ്രകാരം ഡി.പി.സി. (ലോവർ) മുമ്പാകെ സമർപ്പിക്കുവാൻ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥർ 2013 ലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് കൂടെ **31-04-2014** നകം ഈ കാര്യാലയത്തിൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. ഇതിനകം 2013 ലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളവർ വീണ്ടും സമർപ്പിക്കേണ്ടതില്ല.

മുൻ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാത്തവരും എന്നാൽ 17-06-95 ലെ 48348/സ്പെഷ്യൽ സെൽ 1/93 സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ **400** നുള്ളിൽ വരുന്നവരുമായ **ICDS സൂപ്പർവൈസർ**മാരും 2011,2012,2013 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതും ആമുഖകത്തിൽ പ്രസ്തുത വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

**ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്**2 വിഭാഗത്തിൽപ്പെടുന്ന ചുവടെ പേര് ചേർത്തിട്ടുള്ള ജീവനക്കാർ (ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്- 1 വിഭാഗത്തിലേക്ക് താല്ക്കാലിക പ്രൊമോഷൻ ലഭിച്ചവർ ഉൾപ്പെടെ) 2011,2012,2013 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ മേൽ തീയതിക്കകം സമർപ്പിക്കേണ്ടതാണ്.

1. ശ്രീ.എൻ. കുമരേശൻ ആശാരി
2. ശ്രീമതി.പി. ബിജി
3. ശ്രീ. കെ. ജെ. രാജു
4. ശ്രീമതി.കെ. എൽ ഷൈനി
5. ശ്രീ.കെ. ശ്രീകുമാർ
6. ശ്രീ. എ. പോൾരാജ്
7. ശ്രീ. പി. എം. പങ്കജാക്ഷൻ

8. ശ്രീ. സിദ്ദിഖ് ചുണ്ടക്കാടൻ

മേൽ ജീവനക്കാർ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്2 തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിക്കപ്പെട്ട ഉത്തരവിന്റെ പകർപ്പും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

**ജൂനിയർ സൂപ്രണ്ട്** തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ പേര് ചേർത്തിട്ടുള്ള ജീവനക്കാർ 2011,2012,2013 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ മേൽ തീയതിക്കകം സമർപ്പിക്കേണ്ടതാണ്.

1. ശ്രീ. എസ്സ്. സാദിഖ്
2. ശ്രീ. ഇ. അബ്ദുൾ റഷീദ്
3. ശ്രീ. പി.പി. അബ്ദുൾ കരിം
4. ശ്രീ. പി. രാധാകൃഷ്ണൻ
5. ശ്രീ. സി. എസ്സ്. അജീഷ് കുമാർ
6. ശ്രീ. പി.പി. നാരായണൻ
7. ശ്രീ. ജോസഫ് റബെല്ലോ

ജീവനക്കാർ പ്രൊബേഷൻ പ്രഖ്യാപിക്കപ്പെട്ട ഉത്തരവിന്റെ പകർപ്പും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് നിശ്ചിത സമയപരിധി പൂർത്തിയാക്കിയവരും എന്നാൽ പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്തവരുമായ ജീവനക്കാർ ആയതിനുള്ള അപേക്ഷ (സേവനപുസ്തകം ഉൾപ്പെടെ) കാര്യാലയമേധാവി മുഖേന **26.04.2014** നകം അടിയന്തിരമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഇനി ഇക്കാര്യത്തിൽ മറ്റൊരു അറിയിപ്പ് ഉണ്ടാകില്ലെന്നും ആയതിനാൽ **30-04-2014** നകം യഥാസമയം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്തവരുടെ പേരുകൾ ഒഴിവാക്കി ഡി.പി.സി. (ലോവർ) കൂടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി